**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3747** **02-03-2023 - ൽ മറുപടിയ്ക്ക്**

**ഇറവങ്കര വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ ഗ്രൗണ്ട് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | മാവേലിക്കര മണ്ഡലത്തിലെ ഇറവങ്കര വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ എം.എൽ.എ. ഫണ്ടും കായിക വകുപ്പിന്റെ ഫണ്ടും സംയുക്തമായി വിനിയോഗിച്ച് നിർമ്മിക്കുന്ന ഗ്രൗണ്ടിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത ഗ്രൗണ്ട് നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (എ) | **ആലപ്പുഴ ജില്ലയിലെ മാവേലിക്കര നിയോജക മണ്ഡലത്തിലെ തഴക്കര ഗ്രാമ പഞ്ചായത്ത് ഇറവൻകര സ്റ്റേഡിയം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കളിക്കളം നിർമ്മാണത്തിനായി പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള എം.എൽ.എ ഫണ്ട് വകയിരുത്തുന്നതിനായി ആലപ്പുഴ ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു മുന്നോടിയായി 17/02/2023 -ൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ എം.എൽ.എ യുമായി നടത്തിയ ചർച്ചയിൽ നിലവിൽ തയ്യാറാക്കിയിട്ടുള്ള പ്ലാനിൽ മാറ്റം വരുത്തേണ്ടതായിട്ടുണ്ടെന്ന് അറിയിച്ചിരുന്നു. ആയത് പുതുക്കി സ്കൂൾ അധികൃതരുടെ അംഗീകാരം ലഭ്യമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയ്ക്കായി സമർപ്പിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. അതനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ